ഉപജില്ല അദാലത്ത് സമിതിയുടെ ഒരു യോഗം 23.12.24 തീയ്യതി പകൽ 11 മണിക്ക് ചേർന്നു. പ്രസ്തുത യോഗത്തിന്റെ ഹാജരും തീരുമാനങ്ങളും.

ഹാജർ

1. സതീശൻ കെ വി ഐവിഒ & കൺവീനർ
2. ബിജു പി വി AEE, പയ്യന്നൂർ ബ്ലോക്ക പഞ്ചായത്ത്
3. നിധിൻ കുമാർ എസ്, ഡെപ്യൂട്ടി ടൌൺ പ്ലാനർ (ഓൺലൈൻ)

തദ്ദേശസ്വയംഭരണ സ്ഥാപന പ്രതിനിധികൾ.

1.സുനിൽകുമാർ പി, എ ഇ , ആന്തൂർ മുൻസിപ്പാലിറ്റി
2.ശ്രീകുമാർ എം വി, എ ഇ , എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
3. സജിനി കെ കെ, ഓവർസീയർ, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
4.റീന പി , സീനിയർ ക്ലാർക്ക്, എരമം-കുറ്റൂർ ഗ്രാമപഞ്ചായത്ത്
5.നിഷ കെ പി, ജൂനിയർ സൂപ്രണ്ട്, ചെറുതാഴം ഗ്രാമപഞ്ചായത്ത്
6.സന്ധ്യ ഐ, സീനിയർ ക്ലാർക്ക്, ചെറുതാഴം ഗ്രാമപഞ്ചായത്ത്
7.ലജിന വി, സീനിയർ ക്ലാർക്ക്. എഴോം ഗ്രാമപഞ്ചായത്ത്

പരാതിക്കാർ/പ്രതിനിധികൾ

1.കാർത്തികേയൻ
2.പി തമ്പാൻ
3.പത്മനാഭൻ
4.പ്രകാശൻ
5.ഭരതൻ
6.രത്നാകരൻ കെ

**അജണ്ട 1.**

ആന്തൂർ നഗരസഭക്കെതിരെ ശ്രീമതി. ശ്രീലത കാർത്തികേയൻ നൽകിയ പരാതി.

പരാതിയുടെ ഉള്ളടക്കം.

ആന്തൂർ നഗരസഭയിലെ 28 ാം വാർഡിൽ 13-01-14 ലെ 648/13-14 നമ്പർ പെർമിറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ വീട് നിർമ്മാണം പൂർത്തീകരിക്കുകയും കെട്ടിട നമ്പറിനായി മുൻസിപ്പാലിറ്റിയിൽ അപേക്ഷ നൽകുകയും ചെയ്തിട്ടുള്ളതാണ്. മുൻസിപ്പാലിറ്റി ആവശ്യപ്പെട്ട പ്രകാരം നിരവധി തവണ പ്ലാൻ തിരുത്തി നൽകിയെങ്കിലും കെട്ടിട നമ്പർ അനുവദിച്ചു കിട്ടിയില്ല എന്നതാണ് പരാതി. മുൻസിപ്പാലിറ്റിയിലെ ഫയലുകൾ പരിശോധിച്ചതിന്റേയും പരാതിക്കാരിയെ കേട്ടതിന്റെയും അടിസ്ഥാനത്തിൽ നിലവിൽ പരാതിക്കാരിയുടെ വീടിന് സമീപത്തുകൂടി കടന്നുപോകുന്ന 6 മീറ്റർ വീതിയുള്ള റോഡിൽനിന്നും വീടിന്റെ ഒരു ഭാഗത്തേക്ക് 2.4 മീറ്റർ മാത്രമാണ് ലഭ്യമാവുന്നത്.

**തീരുമാനം.**

1994 ലെ കേരള മുൻസിപ്പാലിറ്റി ആക്ട് സെക്ഷൻ 383 എ) പ്രകാരം റോഡ് അതിരും കെട്ടിടവും തമ്മിൽ ആവശ്യമായ അകലം ലഭ്യമല്ല. കെട്ടിട നിർമ്മാണം 2019 നവംബർ 7 ാം തീയ്യതിക്ക് മുമ്പ് പൂർത്തീകരിച്ചതിനാൽ 2024 ലെ കേരള മുൻസിപ്പാലിറ്റി കെട്ടിട (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം ക്രമവൽക്കരിക്കുന്നതിന് മുൻസിപ്പൽ സെക്രട്ടറി മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരിയോട് നിർദ്ദേശിച്ച് തീരുമാനിച്ചു.